**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 107** **27-07-2021 - ൽ മറുപടിയ്ക്ക്**

**ജന്തുജന്യ രോഗങ്ങൾ സൃഷ്ടിക്കുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എച്ച്. സലാം | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിനെ കോവിഡിന്റെ പ്രത്യേക സാഹചര്യത്തിനനുസൃതമായി സജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ മൃഗസംരക്ഷണ മേഖല ജീവനോപാധിയായി സ്വീകരിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാൽ വകുപ്പിന്റെ അടിസ്ഥാന യൂണിറ്റുകളായ വെറ്ററിനറി ഡിസ്പെൻസറി, ഹോസ്പിറ്റലുകൾ എന്നിവയെ ശാക്തീകരിച്ചുകൊണ്ട് കർഷക സൗഹൃദ പദ്ധതികൾ നടപ്പിൽ വരുത്തുവാനും ഡോക്ടർമാരുടെ ലഭ്യത ഉറപ്പുവരുത്തുവാനും ഉദ്ദേശിക്കുന്നു. കോവിഡുമായി ബന്ധപ്പെട്ട ക്വാറന്റൈൻ/ചികിത്സയിലായ കർഷകരുടെ ഉരുക്കളെ സംരക്ഷിക്കുന്നതിന് ആലപ്പുഴ ജില്ലയിൽ ജില്ലാ പഞ്ചായത്ത്, ക്ഷീര വികസന വകുപ്പ് എന്നിവയുമായി ചേർന്ന് അനിമൽ ഡേ കെയർ സെന്റർ ആരംഭിക്കുകയുണ്ടായി. കോവിഡ്-19 ന്റെ പശ്ചാത്തലത്തിലുള്ള ലോക്ക് ഡൗൺ മൂലം 2020-21 ൽ വളർത്ത് മൃഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിന് പ്രതിസന്ധി ഉടലെടുന്നുവെന്ന് വ്യാപകമായി പരാതി ലഭിച്ച സാഹചര്യത്തിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള ആനകൾ ഉൾപ്പെടെയുള്ള വളർത്തു മൃഗങ്ങൾക്ക് തീറ്റ വാങ്ങുന്നതിന് സംസ്ഥാന ദുരന്ത നിവാരണ വകുപ്പിൽ നിന്നും "2245-02-101-94-01-Flood-OI" എന്ന ശീർഷകത്തിൽ നിന്ന് 5 കോടി രൂപ മൃഗസംരക്ഷണ വകുപ്പിന് അനുവദിയ്ക്കുകയുണ്ടായി. പ്രസ്തുത തുക പൂർണമായും ചിലവഴിക്കുകയുണ്ടായി. കോവിഡ് ബാധിച്ചും ക്വാറന്റൈനിൽ ആയും ബുദ്ധിമുട്ടുന്ന ക്ഷീരകർഷകർക്ക് ദുരന്ത നിവാരണ മാനദണ്ഡപ്രകാരം ഒരു പശു/എരുമ എന്നിവയ്ക്ക് തീറ്റയ്ക്ക് ഒരു ദിവസം 70 രൂപ നിരക്കിൽ ഒരു ഉരുവിന് പരമാവധി 2800 രൂപയ്ക്ക് സർക്കാർ ഏജൻസിയായ കേരള ഫീഡ്സിന്റെ കാലിത്തീറ്റ (2 ചാക്ക് വീതം) |

| | | | |
|---|---|---|---|
| | | | മൃഗാശുപത്രികൾ വഴിയാണ് വിതരണം ചെയ്തത്. ഈ വർഷം ദുരന്ത നിവാരണ ഫണ്ടിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതാണ്. |
| (ബി) | ജന്തുജന്യ രോഗങ്ങൾ സൃഷ്ടിക്കുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ഒരു വെറ്ററിനറി പബ്ലിക് ഹെൽത്ത് വിഭാഗം തുടങ്ങേണ്ടതിന്റെ അനിവാര്യത പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. അനിവാര്യമാണ്. |
| (സി) | ഇതു സംബന്ധിച്ച് ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ സാരാംശം വ്യക്തമാക്കുമോ; | (സി) | ഉണ്ട്. ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ കേരള, ഈ വിഷയത്തിൽ സമഗ്രമായൊരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ABC പദ്ധതിയും ശാസ്ത്രീയ അറവുശാലകളും പുറമെ നിന്ന് കൊണ്ടുവരുന്ന മൃഗങ്ങളുടെ നിരീക്ഷണങ്ങൾക്കുതകുന്ന സജ്ജീകരണങ്ങളുള്ള ലാബുകളും quarantine സംവിധാനങ്ങളും നടപ്പിൽ വരുത്തുന്നതിനായി വെറ്ററിനറി പൊതുജനാരോഗ്യ വിഭാഗം തുടങ്ങുന്നതിന് വേണ്ടിയുള്ള റിപ്പോർട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. |
| (ഡി) | മൃഗപരിപാലനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരെ ജന്തുജന്യരോഗം സംബന്ധിച്ച് ബോധവൽക്കരിക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിക്കുന്നതാണ്. കോഴിക്കോട് ജില്ലയിൽ 2018 ൽ നടത്തിയ നിപ പ്രതിരോധ പ്രവർത്തനങ്ങൾ, പ്രളയാനന്തരം നടത്തിയ എലിപ്പനി പ്രതിരോധം, വയനാട് ജില്ലയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി നടന്നുവരുന്ന കുരങ്ങുപനി നിയന്ത്രണ പ്രവർത്തനങ്ങൾ, ചെള്ളുപനി അഥവാ സ്ക്രബ് ടൈഫസ് നിയന്ത്രണ പ്രവർത്തനങ്ങൾ, കോഴിക്കോടും മലപ്പുറത്തും ആലപ്പുഴയിലും കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവയിലെല്ലാം ആരോഗ്യവകുപ്പുമായി ചേർന്നുള്ള യോജിച്ച പ്രവർത്തനങ്ങൾ വിജയിച്ചതായി കാണാം. ജന്തുജന്യരോഗങ്ങൾ അടക്കമുള്ള പുതിയ രോഗങ്ങളുടെ ഫലപ്രദമായ നിരീക്ഷണത്തിനും ഗവേഷണത്തിനും സാംക്രമിക രോഗനിവാരണ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട Instituite of advanced virology lab -ൽ വെറ്ററിനറി മേഖലയിലെ പി.ജി, പി.എച്ച്.ഡി ഉള്ള വെറ്ററിനറി ഡോക്ടർമാരെ കൂടി ഉൾപ്പെടുത്തി Zoonotic Disease Control വിഭാഗം ശക്തിപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. അമേരിക്കയിലുള്ള Centre for Disease Control and Prevention – CDC എന്ന ലോക പ്രശസ്ത സ്ഥാപനത്തിന്റെ മാതൃകയിൽ ഒരു ഗവേഷണ |

| | | | |
|---|---|---|---|
| | | | കേന്ദ്രം ആരംഭിക്കാൻ ഇത്തവണ ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ